

**ന്യൂ ജനറേഷൻ ലുക്ക്:** തെങ്ങുകയറ്റക്കാർ ഇഷ്ടം പോലെ, കയറാൻ തെങ്ങില്ല എന്ന സ്ഥിതിയാണ് മലപ്പുറം പുൽപ്പറ്റ പഞ്ചായത്തിലെ വളമംഗലത്ത്. സ്കൂൾ, കോളജ് വിദ്യാർഥികൾ അടങ്ങുന്ന 20 അംഗ 'തെങ്ങിൻ ചങ്ങാതിക്കൂട്ടം' തെങ്ങുകയറ്റ യന്ത്രവുമായി സദാ സന്നദ്ധർ. നാളികേര വികസന ബോർഡിന്റെ എഫ്ഒസിടി (ഫ്രൻഡ്സ് ഓഫ് കോക്കനട്ട് ട്രീ) തെങ്ങുകയറ്റ പരിശീലനം പൂർത്തിയാക്കിയവർ ചേർന്നാണ് ചങ്ങാതിക്കൂട്ടമുണ്ടാക്കിയത്. തേങ്ങയിടലിൽ മാത്രമല്ല, തെങ്ങിന്റെ പരിചരണത്തിലും ഇവർ ന്യൂ ജനറേഷൻ തന്നെ. സംഘാംഗങ്ങളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്.

ചിത്രം: സമീർ എ. ഹമീദ്